SSLC GEOGRAPHY - UNIT -3

# മാനവ വിഭവശേഷി വികസനം ഇന്ത്യയിൽ

====================

**മാനവ വിഭവം**

- ഉൽപാദന രംഗത്ത് ഉപയോഗപ്പെടുത്താൻ കഴിയുന്ന അധ്വാന ശേഷിയുള്ള ജനങ്ങളാണ് മാനവ വിഭവം.

**മാനവവിഭവശേഷി വികസനം**

- വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, പരിശീലനം, നൈപുണി വികസനം എന്നിവയിലൂടെ മനുഷ്യന്റെ കായികവും, മാനസികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനെ മാനവവിഭവശേഷി വികസനം എന്ന് പറയുന്നു.

**മാനവ വിഭവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ**

- വ്യക്തികൾ സ്വപരിശ്രമത്തിലൂടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാൻ ശ്രമിക്കുന്നു.
- കുടുംബം വ്യക്തിയുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നു.
- വിവധ സ്ഥാപനങ്ങളും ഏജൻസികളും പഠനം, പരിശീലനം എന്നിവയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ
- ഒരുക്കുന്നു.
- രാഷ്ട്രം ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു.

**മാനവ വിഭവത്തിന്റെ സവിശേഷതകൾ**

» മാനവ വിഭവത്തിന് ഗണപരവും ഗുണപരവുമായ സവിശേഷതകളുണ്ട്.

**ഗണപരമായ സവിശേഷതകൾ:**

- ജനസംഖ്യാ വലുപ്പം
- ജനസാന്ദ്രത
- ജനസംഖ്യാ വളർച്ച
- ജനസംഖ്യാഘടന

**ഗുണപരമായ സവിശേഷതകൾ:**

- വിദ്യാഭ്യാസം
- ആരോഗ്യ പരിപാലനം

**ജനസംഖ്യാ വലുപ്പം**

- ഒരു നിശ്ചിത സമയത്ത് ഒരു രാജ്യത്ത് താമസിക്കുന്ന ജനങ്ങളുടെ എണ്ണത്തെയാണ് ജനസംഖ്യാ വലുപ്പം എന്നു പറയുന്നത്.

**ജനസംഖ്യാ ശാസ്ത്രം (Demography)**

- ജനസംഖ്യ, അതിന്റെ എണ്ണത്തിൽ വരുന്ന മാറ്റം, ഘടനാപരമായ സവിശേഷതകൾ തുടങ്ങിയവ വിശകലനം ചെയ്യുന്ന സാമൂഹ്യ ശാസ്ത്രശാഖയാണ് ജനസംഖ്യാശാസ്ത്രം.

**ജനസംഖ്യാ കണക്കെടുപ്പ്**

- ഓരോ രാജ്യവും നിശ്ചിത കാലയളവിൽ ആ രാജ്യത്തെ ജനങ്ങളുടെ എണ്ണം, പ്രായം, സ്ത്രീപുരുഷ അനുപാതം, സാമ്പത്തിക സാമൂഹിക അവസ്ഥ തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് വിശകലനം നടത്താറുണ്ട്. ഇതിനെയാണ് ജനസംഖ്യാ കണക്കെടുപ്പ് എന്ന് പറയുന്നത്.

1. ഇന്ത്യയിൽ ''പോപുലേഷൻ രജിസ്ട്രാർ ജനറൽ ആന്റ് സെൻസസ് കമ്മീഷണറുടെ ഓഫീസാണ് സെൻസസ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

- ഇന്ത്യയിൽ 10 വർഷത്തിലൊരിക്കലാണ് സെൻസസ് നടത്തുക.
- അവസാനം നടന്നത് 2011 മാർച്ചിൽ.
- അതുപ്രകാരം ആകെ 121.02 കോടി ജനങ്ങൾ
- 58.65 കോടി സ്ത്രീകൾ
- 62.37 കോടി പുരുഷന്മാരും

**ജനസംഖ്യാ പഠനത്തിന്റെ ആവശ്യകത**

- രാജ്യത്തെ മാനവിഭവശേഷിയുടെ ലഭ്യതയറിയുന്നതിന്.
- ജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എത്രയെന്നറിയുന്നതിന്.
- ആവശ്യമായ സാധനങ്ങളുടെയും സേവനങ്ങളുടെയും അളവ് തിട്ടപ്പെടുത്തുന്നതിന്.
- സാമ്പത്തിക സാമൂഹിക വികസന നയങ്ങൾ രൂപീകരിക്കുന്നതിന്.
- ജനങ്ങളുടെ വിവിധ ആവശ്യങ്ങളുടെ അളവ് നിശ്ചയിക്കാനും, പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യാനും.

**ഐക്യരാഷ്ട്രസഭയുടെ 2014 ലെ റിപ്പോർട്ട്**

- ലോക ജനസംഖ്യ : 724.4 കോടി.
- ലോക ജനസംഖ്യയുടെ 6 ൽ 1 ഇന്ത്യക്കാരനാണ്.
- ലോക ജനസംഖ്യയുടെ 17.5% ഇന്ത്യയിലാണ്.
- 19. 4% ജനസംഖ്യയുള്ള ചൈന ഒന്നാം സ്ഥാനത്തും, ഇന്ത്യ രണ്ടാം സ്ഥാനത്തുമാണ്.
- മാനവ വിഭവശേഷി ലഭ്യമാക്കുന്നതിൽ ഇന്ത്യക്കും, ചൈനക്കും പ്രധാന പങ്ക് വഹിക്കാനാകും.
- മാനവവിഭവശേഷി വികസിപ്പിക്കുന്നതിൽ മികച്ച നേട്ടം കൈവരിച്ച രാജ്യങ്ങൾക്ക് ഉയർന്ന സാമ്പത്തിക വികസനം നേടാൻ കഴിഞ്ഞുവെന്ന് യു. എസ്. എ, ജപ്പാൻ, ചൈന തുടങ്ങിയ രാജ്യങ്ങളുടെ അനുഭവങ്ങൾ തെളിയിക്കുന്നു.
- ജൂലൈ 11 ലോക ജനസംഖ്യാദിനം.

**ജനസാന്ദ്രത**

- ഒരു ചതുരശ്ര കിലോമീറ്റർ പ്രദേശത്ത് താമസിക്കുന്ന ജനങ്ങളുടെ ആകെ എണ്ണമാണ് ജനസാന്ദ്രത.
- ജനസാന്ദ്രത കൂടിയ പ്രദേശത്ത് അധ്വാന ശേഷിയുള്ള ജനങ്ങളും കൂടുതലായിരിക്കും.

**ഇന്ത്യയിലെ ജനസംഖ്യാ വളർച്ച നിരക്ക്**

- ഒരു പ്രദേശത്തെ ജനസംഖ്യയിൽ നിശ്ചിത കാലയളവിൽ ഉണ്ടാകുന്ന വർധനവിനെയാണ് ജനസംഖ്യാ വളർച്ചയെന്ന് പറയുന്നത്.
- ശതമാനക്കണക്കിലാണിത് സൂചിപ്പിക്കുക.
- ജനസംഖ്യ മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം വർധിച്ചു എന്നതാണ് ജനസംഖ്യാ വളർച്ചാനിരക്ക്.

**ജനസംഖ്യയിൽ മാറ്റം വരുത്തുന്ന ഘടകങ്ങൾ**

1. **ജനന നിരക്ക്:** ആകെ ജനസംഖ്യയിൽ 1000 പേർക്ക് എത കുഞ്ഞുങ്ങൾ ജീവനോടെ ജനിക്കുന്നു എന്നതാണ് ജനന നിരക്ക്.
2. **മരണ നിരക്ക്:** ആകെ ജനസംഖ്യയിൽ 1000 പേരിൽ എത്ര മരണങ്ങൾ നടക്കുന്നു എന്നതാണ് മരണനിരക്ക്.
3. **കുടിയേറ്റം:** ഒരു പ്രദേശത്ത് നിന്നും മറ്റൊരു പ്രദേശത്തേക്ക് ജനങ്ങൾ താമസം മാറുന്നതാണ് കുടിയേറ്റം.

~ ജനന നിരക്ക് വർധിക്കുകയും, മരണ നിരക്ക് കുറയുകയും ചെയ്യുമ്പോൾ ജനസംഖ്യ കൂടുന്നു.

~ ജനന നിരക്ക് കുറയുകയും, മരണ നിരക്ക് വർധിക്കുകയും ചെയ്യുമ്പോൾ ജനസംഖ്യ കുറയുന്നു.

~ ജനന, മരണ നിരക്കുകൾ തുല്യമാകുമ്പോൾ ജനസംഖ്യയിൽ മാറ്റമുണ്ടാകില്ല.

~ കുടിയേറ്റത്തിന്റെ ഫലമായി ഒരു പ്രദേശത്ത് ജനസംഖ്യ വർധിക്കുകയും, മറ്റു പ്രദേശത്ത് ജനസംഖ്യ കുറയുകയും ചെയ്യുന്നു.

**ജനസംഖ്യാ ഘടന**

1. **പ്രായഘടന:**
   - ജനസംഖ്യയെ വിവധ പ്രായക്കാരുടെ ഗ്രൂപ്പുകളായി തിരിച്ച് ആകെ ജനസംഖ്യയിൽ ഓരോ ഗ്രൂപ്പും എത്രയെന്ന് ആനുപാതികമായി വിശേഷിപ്പിക്കുന്നതിനെയാണ് പ്രായഘടന എന്ന് പറയുന്നത്.

   Eg: 0-14 വയസ്സ്

   15-59 വയസ്സ്

   60 വയസ്സിന് മുകളിൽ

2. **തൊഴിൽ പങ്കാളിത്ത നിരക്ക്:**
   - 15 വയസ്സിനും 59 വയസ്സിനും ഇടയിൽ പ്രായമുള്ളവരിൽ തൊഴിലുള്ളവരും തൊഴിലന്വേഷകരായവരുടെ എണ്ണവും, ആകെ ജനസംഖ്യയും തമ്മിലുള്ള അനുപാതമാണ് തൊഴിൽ പങ്കാളിത്ത നിരക്ക്.
   - രാജ്യത്തിന്റെ പുരോഗതിക്ക് വലിയ സംഭാവന നൽകാൻ കഴിവുള്ളവരാണ് ഈ വിഭാഗത്തിൽപെടുന്നവർ.

3. **ആശ്രയത്വ നിരക്ക്:**
   - 0 മുതൽ 14 വയസ്സുള്ളവരും, 60 വയസ്സിന് മുകളിലുള്ളവരും ആശ്രയത്വ വിഭാഗത്തിൽ പെടുന്നു. ആകെ ജനസംഖ്യയിൽ ഇവരുടെ അനുപാതത്തെ ആശ്രയത്വ നിരക്ക് എന്നുപറയുന്നു.
   - ഈ വിഭാഗം അധ്വാന ശേഷിയുള്ള വിഭാഗത്തെ ആശ്രയിച്ച് കഴിയുന്നവരാണ്.
   - ആശ്രയത്വ നിരക്ക് വർധിക്കുന്നത് ആളോഹരി വരുമാനം കുറയുന്നതിന് കാരണമാകുന്നു.

4. **സ്ത്രീ -പുരുഷ അനുപാതം:**
   - 1000 പുരുഷന്മാർക്ക് എത്ര സ്ത്രീകൾ എന്നതാണ് സ്ത്രീ - പുരുഷ അനുപാതം.
   - 2011 ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ സ്ത്രീ-പുരുഷ അനുപാതം 940 ആണ്.

**അധ്വാനശേഷിയെ മെച്ചപ്പെടുത്തുന്ന ഗുണപരമായ ഘടകങ്ങൾ**

☐ വിദ്യാഭ്യാസം
☐ആരോഗ്യപരിപാലനം
☐പരിശീലനങ്ങൾ
☐ സാമൂഹിക മൂലധനം
☐ സാങ്കേതിക വിദ്യ
☐ പ്രോത്സാഹനം

**മാനവ വിഭവശേഷി മെച്ചപ്പെടുത്തുന്നത് കൊണ്ടുള്ള പ്രയോജനങ്ങൾ**

(മാനവ വിഭവശേഷി വികസനം സാമ്പത്തിക വികസനത്തെ എങ്ങനെ സഹായിക്കുന്നു?)
☐ തൊഴിലാളികളുടെ ഉൽപാദന ക്ഷമത വർധിപ്പിക്കാം
☐ സാമ്പത്തിക അന്തരം കുറയ്ക്കാം
☐ പ്രകൃതി വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാം
☐ മെച്ചപ്പെട്ട സാങ്കേതിക വിദ്യകളുടെ വികസനവും ഉപയോഗവും സാധ്യമാക്കാം.
☐ സാമൂഹ്യ ക്ഷേമം ഉറപ്പുവരുത്താം.
☐ സംരംഭകത്വം മെച്ചപ്പെടുത്താം.

**വിദ്യാഭ്യാസവും മാനവ വിഭവശേഷിയും**

(വിദ്യാഭ്യാസം എങ്ങനെ രാജ്യത്തിന്റെ വികസനത്തെ സഹായിക്കുന്നു?)

- ✓ വിദ്യാഭ്യാസം വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു.
- ✓ വിദ്യാഭ്യാസത്തിലൂടെ സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനുള്ള അറിവ് ലഭിക്കുന്നു.
- ✓ വിദ്യാഭ്യാസത്തിലൂടെ മെച്ചപ്പെട്ട തൊഴിലും, വരുമാനവും നേടാനാകുന്നു.
- ✓ വിദ്യാഭ്യാസത്തിലൂടെ വ്യക്തിയുടെയും, കുടുംബത്തിന്റെയും ജീവിത നിലവാരം ഉയരുന്നു.

**സാക്ഷരതാ നിരക്ക്**

- ജനസംഖ്യയിൽ 100 പേരിൽ എത്ര പേർക്ക് ആശയം മനസ്സിലാക്കി എഴുതാനും,വായിക്കാനും അറിയുന്നു എന്നതാണ് സാക്ഷരതാ നിരക്ക്.
- ഇന്ത്യയിലെ സാക്ഷരതാ നിരക്ക്:

  സ്ത്രീകൾ : 65.46%

  പുരുഷന്മാർ : 82.14%

  ആകെ : 74.04%

**ഇന്ത്യയുടെ സാക്ഷരതാ നിരക്ക് ഉദ്ദേശിച്ച രീതിയിൽ ഉയർത്താൻ കഴിഞ്ഞിട്ടില്ല, കാരണം?**

- ജനങ്ങൾക്ക് ആവശ്യമായ വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കാൻ ദേശീയ വരുമാനത്തിന്റെ 6% എങ്കിലും ചെലവഴിക്കണമെന്നാണ് വിദഗ്ധാഭിപ്രായം.
- എന്നാൽ 2017- 2018 വർഷത്തിൽ പോലും 3.7% മാത്രമാണ് ഇന്ത്യാ ഗവൺമെന്റ് വിദ്യാഭ്യാസ രംഗത്ത് ചെലവഴിച്ചത്. അതിനാൽ വേണ്ട രീതിയിൽ ഇന്ത്യയിലെ സാക്ഷരതാ നിരക്ക് ഉയർത്താൻ കഴിഞ്ഞിട്ടില്ല.

**വിദ്യാഭ്യാസവും, നൈപുണിയും മെച്ചപ്പെടുത്തുന്നതിനായി രാജ്യത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ:**

| പദ്ധതികൾ | ലക്ഷ്യങ്ങൾ |
|---|---|
| സംയോജിത ശിശുവികസന സേവന പരിപാടി (ICDS) | • 6 വയസ്സുവരെയുള്ള ശിശുക്കളുടെ സമഗ്രവികസനം.<br>• ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യപരിപാലനം. |
| സമഗ്രശിക്ഷാ അഭിയാൻ (SSA) (എസ്.എസ്.എ, ആർ.എം.എസ്.എ പദ്ധതികൾ സംയോജിപ്പിച്ചാണ് സമഗ്രശിക്ഷ അഭിയാന് രൂപം നൽകിയത്) | • സാർവ്വത്രിക വിദ്യാഭ്യാസം ഹയർസെക്കണ്ടറി വരെ ഉറപ്പു വരുത്തുക.<br>• തുല്യതയും ഗുണനിലവാരവും ഉറപ്പു വരുത്തുക.<br>• തൊഴിലധിഷ്ഠിതവിദ്യാഭ്യാസം പരിപോഷിപ്പിക്കുക.<br>• SCERT/DIETതുടങ്ങിയ അധ്യാപകപരിശീലനകേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക. |
| രാഷ്ട്രീയ ഉച്ചതൽ ശിക്ഷാ അഭിയാൻ (RUSA) | • ഉന്നതവിദ്യാഭ്യാസ ലഭ്യത വർധിപ്പിക്കുക.<br>• ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക. |
| നാഷണൽ സ്കിൽ ഡവലപ്മെന്റ് ആന്റ് മോണിറ്ററി റിവാർഡ് സ്കീം | • യുവജനങ്ങളുടെ തൊഴിൽ നൈപുണി മെച്ചപ്പെടുത്തുക.<br>• തൊഴിൽവൈദഗ്ധ്യം നേടിയവരുടെ ലഭ്യത ഉറപ്പുവരുത്തുക. |

**വിദ്യാഭ്യാസ രംഗത്ത് ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ**

> വിദ്യാഭ്യാസം നൽകുന്നതിനായി സ്ക്കൂളുകൾ, കോളേജുകൾ, സർവകലാശാലകൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിക്കുന്നു.

> നമ്മുടെ രാജ്യം വിദ്യാഭ്യാസം മൗലികാവകാശമാക്കുകയും, 2009 ൽ വിദ്യാഭ്യാസ അവകാശ നിയമം (RTE Act)]ാസ്സാക്കുകയും ചെയ്തു.

> "എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം' എന്ന ലക്ഷ്യം ഭരണ ഘടന RTE വഴി ഉറപ്പ് നൽകുന്നു.

**വിദ്യാഭ്യാസ രംഗത്ത് ഇനിയും പരിഹരിക്കേണ്ട പ്രശ്നങ്ങൾ:**

- പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാതെയുള്ള കൊഴിഞ്ഞുപോക്ക്.
- അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം.
- വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തണം.

**ആരോഗ്യം**

WHO: "ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതിയാണ് ആരോഗ്യം'.

**ആരോഗ്യമുള്ള വ്യക്തികൾ എങ്ങനെ രാജ്യപുരോഗതിയിൽ പങ്കാളികളാകുന്നു?**

> തൊഴിൽ ദിനങ്ങളുടെ എണ്ണം കൂടുന്നത് കൊണ്ടും, കാര്യക്ഷമത കൂടുന്നത് കൊണ്ടും ഉൽപാദനം കൂടും.

> പ്രകൃതി വിഭവങ്ങൾ ശരിയായി വിനിയോഗിക്കാനാകും.

> ചികിത്സാചെലവുകൾ കുറയ്ക്കാനും, അതുവഴി സർക്കാറിന്റെ സാമ്പത്തിക ചെലവ് കുറയ്ക്കാനും കഴിയും.

> ഉൽപാദന വർധനവിലൂടെ സാമ്പത്തിക വികസനം സാധ്യമാകുന്നു.

**ആരോഗ്യ പരിപാലത്തിനായി ഒരുക്കേണ്ട സൗകര്യങ്ങൾ**

- പോഷകാഹാര ലഭ്യത
- ശുദ്ധജല ലഭ്യത
- രോഗപ്രതിരോധ സംവിധാനങ്ങൾ
- ശുചിത്വ പരിപാലനം
- ചികിത്സ സൗകര്യങ്ങൾ
- വിശ്രമവും വിനോദവും ഉറപ്പാക്കുക
- ആരോഗ്യകരമായ പരിസ്ഥിതി

**ചികിത്സാ രംഗത്ത് വിവിധ തലങ്ങളിലായി പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ**

- മെഡിക്കൽ കോളേജ്
- ജില്ലാ ആശുപത്രി
- സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ
- പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ
- ആരോഗ്യ ഉപകേന്ദ്രങ്ങൾ

> ഇവ കൂടാതെ, ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്നതിന് വേണ്ടി ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ (NRHM)ഉം NUHM (ദേശീയ നഗര ആരോഗ്യ മിഷൻ) ഉം പ്രവർത്തിക്കുന്നു.

> NRHM ഗ്രാമീണ മേഖലയിലും NUHM 50,000ൽ അധികം ജനസംഖ്യയുള്ള പട്ടണങ്ങളിലെ ചേരി നിവാസികൾക്കും, മറ്റു പാർശ്വവൽക്കരിക്ക പ്പെട്ടവർക്കും മെച്ചപ്പെട്ട ആരോഗ്യ - സേവനങ്ങൾ ലഭ്യമാക്കുന്നതിനായും പ്രവർത്തിക്കുന്നു.

**ആയുർദൈർഘ്യം**

> ശരാശരി എത്ര വയസ്സുവരെ ജീവിക്കുന്നു എന്നതാണ് ആയുർദൈർഘ്യം.

**ഇന്ത്യയിലെ ആയുർദൈർഘ്യം**

സ്ത്രീകൾ : 67.7

പുരുഷന്മാർ : 64.6

ആകെ : 66.1

> രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിന് പ്രകൃതി വിഭവങ്ങൾ പോലെത്തന്നെ മനുഷ്യ വിഭവവും പ്രാധാന്യമുള്ളതാണ്. ലോകത്തിലെ എല്ലാ രാജ്യങ്ങളും ഒരേ അളവിലല്ല മാനവ വികസനം സാധ്യമാക്കുന്നത്. ഈ വ്യത്യാസമാണ് ലോകത്തിലെ സമ്പന്നതക്കും, ദാരിദ്ര്യത്തിനുമുള്ള പ്രധാന കാരണം.

---------------------------

Prepared By,
Hamza Kannanthodi
MUHSS OORAKAM
9847767121